(ബി) പരീക്ഷണാടിസ്ഥാനത്തിൽ എറണാകുളം ജില്ലയിൽ കണ്ണമാലി, ചെല്ലാനം പ്രദേശങ്ങളിൽ പുലിമുട്ട് നിർമ്മാണവും ബീച്ച് റോഡ്, ഫോർട്ട് കൊച്ചി എന്നിവിടങ്ങളിൽ പുലിമുട്ട് പുനരുദ്ധാരണ പ്രവൃത്തികളും നടക്കുന്നുണ്ട്.

(സി) ഇപ്പോൾ നിർമ്മിക്കുന്ന പുലിമുട്ട് നിരീക്ഷിച്ച് വിജയപ്രദമാണെന്ന് കാണുകയാണെങ്കിൽ പുതുതായി പുലിമുട്ട് നിർമ്മിക്കാനുള്ള നടപടി എടുക്കാവുന്നതാണ്.

അജാനൂർ കടപ്പുറത്ത് കടൽഭിത്തി നിർമ്മാണം

34 (4642) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ അജാനൂർ കടപ്പുറത്ത് കടൽഭിത്തി നിർമ്മിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ പ്രവൃത്തി ഏതെങ്കിലും പ്രോജക്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പതിനൊന്നാം ധനകാര്യ കമ്മീഷൻ കേരളത്തിലെ കടൽഭിത്തികളുടെ നിർമ്മാണ പ്രവൃത്തിക്ക് അനുവദിച്ച തുക ഉപയോഗിച്ച് 15.94 കി. മീ. കടൽഭിത്തി നിർമ്മിക്കുന്നതിനും 20.14 കി. മീ. കടൽഭിത്തി പുനരുദ്ധരിക്കുന്നതിനും ഉള്ള ആക്ഷൻ പ്ലാനിനും 49.83 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. ഇതിൽ 2003-2004-ൽ ചെയ്യുന്നതിനുള്ള പദ്ധതിയിൽ അജാനൂർ കടപ്പുറത്ത് ചെയിനേജ് 52/525 മുതൽ 52/775 കി. മീ. വരെ 250 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മാണവും ഉൾപ്പെടുത്തിയിട്ടുണ്ട്. മോണിറ്ററിംഗ് കമ്മിറ്റി സ്ഥലം സന്ദർശിച്ച് പ്രവൃത്തിയെപ്പറ്റി തീരുമാനം എടുക്കുന്നതാണ്. കൂടാതെ നാഷണൽ കോസ്റ്റൽ പ്രൊട്ടക്ഷൻ പ്രോജക്റ്റിൽ ഉൾപ്പെടുത്തി 52 കി. മീ. ഭിത്തി നിർമ്മിക്കുന്നതിനും 59 കി. മീ. കടൽഭിത്തി പുനരുദ്ധരിക്കുന്നതിനും വേണ്ടി 216.96 കോടി രൂപ മതിപ്പുചെലവു വരുന്ന പ്രോജക്റ്റ് സെൻട്രൽ വാട്ടർ കമ്മിഷന് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ അജാനൂർ കടപ്പുറത്ത് ചെയിനേജ് 52/460 മുതൽ 52/525 വരെയും 52/775 മുതൽ 53/460 വരെയും 750 മീ. നീളത്തിൽ കടൽഭിത്തി നിർമ്മിക്കാനുള്ള ഒരു പണി ഉൾപ്പെടുത്തിയിട്ടുണ്ട്.

ആലപ്പാട് ജയന്തി കോളനിയിൽ സർക്കാർ ചെലവിൽ കടൽഭിത്തി നിർമ്മാണം

35 (4643) ശ്രീ. എ. എൻ. രാജൻ ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ ആലപ്പാട് പഞ്ചായത്തിലെ ജയന്തി കോളനിഭാഗത്ത് 600 മീറ്റർ കടൽഭിത്തി നിർമ്മാണത്തിന് ഫ്രഞ്ച് കമ്പനിക്ക് വിട്ടുകൊടുത്ത സ്ഥലത്ത് നിർമ്മാണം നടക്കാത്തതിനാൽ രൂക്ഷമായ കടലാക്രമണമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly